REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 08-06-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- രാജ്യത്തിന്റെ പ്രധാനമന്ത്രിയായി മൂന്നാം വട്ടവും മുതിർന്ന BJP നേതാവ് നരേന്ദ്ര മോദി നാളെ വൈകിട്ട് സത്യപ്രതിജ്ഞ ചെയ്യും.
- കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗവും, വിശാല പ്രവർത്തക സമിതിയോഗവും ഇന്ന് ഡൽഹിയിൽ ചേരും.
- സംസ്ഥാനത്ത് ചൊവ്വാഴ്ച്ച വരെ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- കണ്ണൂർ മയ്യിൽ പാവന്നൂർ മെട്ടയ്ക്കടുത്ത് മീൻ പിടിക്കുന്നതിനിടെ പുഴയുടെ കരയിടിഞ്ഞ് മൂന്ന് കുട്ടികൾ മരിച്ചു.
- ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് A യിൽ കാനഡ അയർലൻഡിനെ 12 റൺസിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ പ്രധാനമന്ത്രിയായി മൂന്നാം വട്ടവും മുതിർന്ന BJP നേതാവ് നരേന്ദ്ര മോദി നാളെ സത്യപ്രതിജ്ഞ ചെയ്യും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15 നാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രിക്കും പുതിയ മന്ത്രിസഭാംഗങ്ങൾക്കും രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ഇന്നലെ BJP അധ്യക്ഷൻ J.P നദ്ദയുടെ നേതൃത്വത്തിൽ NDA നേതാക്കൾ രാഷ്ട്രപതിയെ കണ്ട് പുതിയ ഗവൺമെന്റ് രൂപീകരണത്തിന് അവകാശവാദം ഉന്നയിച്ചു. നരേന്ദ്രമോദിയെ BJP പാർലമെന്ററി പാർട്ടി നോതാവായി തെരഞ്ഞെടുത്ത കത്തും അദ്ദേഹത്തെ പിന്തുണയ്ക്കുന്ന NDA സാമാജികരുടെ കത്തുകളും നദ്ദ രാഷ്ട്രപതിക്ക് കൈമാറി. ഭൂരിപക്ഷം ബോധ്യപ്പെട്ട രാഷ്ട്രപതി, നരേന്ദ്രമോദിയെ പ്രധാനമന്ത്രിയായി നിയമിച്ചു. തുടർന്ന് സത്യപ്രതിജ്ഞാ തിയ്യതിയും സമയവും അറിയിക്കാൻ നരേന്ദ്രമോദിയോട് രാഷ്ട്രപതി ആവശ്യപ്പെട്ടു. പുതിയ മന്ത്രിസഭാംഗങ്ങളുടെ പേര് വിവരങ്ങളും അറിയിക്കാൻ ദ്രൗപതി മുർമു, നരേന്ദ്രമോദിയോട് അഭ്യർത്ഥിച്ചു.

പിന്നീട്, രാഷ്ട്രപതി ഭവനു പുറത്ത് മാധ്യമങ്ങളോട് സംസാരിച്ച നരേന്ദ്രമോദി, NDA ശക്തവും സുസ്ഥിരവും വളർച്ചാധിഷ്ഠിതവുമായ ഗവൺമെന്റ് കേന്ദ്രത്തിൽ രൂപീകരിക്കുമെന്ന് വ്യക്തമാക്കി. നിയുക്ത പ്രധാനമന്ത്രിയായി രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ച വിവരവും അദ്ദേഹം വെളിപ്പെടുത്തി. ഞായറാഴ്ച വൈകിട്ട് സത്യപ്രതിജ്ഞാ ചടങ്ങിന് ഒരുക്കമൊണെന്ന് രാഷ്ട്രപതിയെ അറിയിച്ചതായും മോദി പറഞ്ഞു. ജനങ്ങളുടെ അഭിലാഷങ്ങൾക്കും പ്രതീക്ഷകൾക്കുമൊപ്പം പുതിയ ഗവൺമെന്റ് പ്രവർത്തിക്കുമെന്ന് അദ്ദേഹം ഉറപ്പ് നൽകി.

✪✪✪

വർഷങ്ങൾക്ക് ശേഷമാണ് ഒരു പ്രധാനമന്ത്രി തുടർച്ചയായി മൂന്നാം തവണയും അധികാരത്തിലെത്തുന്നതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു.ഉപരാഷ്ട്രപതിയുടെ ഔദ്യോഗിക വസതിയിൽ രാജ്യസഭാ ഇന്റേൺഷിപ്പ് പരിപാടിയുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻപ് 1962ലാണ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായി മൂന്നാം തവണയും അധികാരത്തിലെത്തിയത്.

കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗവും, വിശാല പ്രവർത്തക സമിതിയോഗവും ഇന്ന് വൈകീട്ട് നടത്തും. രാഹുൽഗാന്ധിയെ പ്രതിപക്ഷ നേതാവായും, സോണിയ ഗാന്ധിയെ ചെയർപേഴ്സണായും യോഗത്തിൽ പ്രഖ്യാപിച്ചേക്കും.

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കൃത്യമായി പൂർത്തീകരിച്ച റിട്ടേണിംഗ് ഓഫീസർമാർക്കും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്കും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രാജീവ് കുമാർ നന്ദി അറിയിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിശ്വാസ്യതയും അഭിമാനവും മെച്ചപ്പെടുത്താൻ ഇത് കാരണമായെന്ന് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അയച്ച കത്തിൽ അദ്ദേഹം പറഞ്ഞു. തെരഞ്ഞെടുപ്പ് നടപടികൾക്ക് പൊലീസ് നൽകിയ സേവനങ്ങൾക്കും നന്ദി അറിയിച്ചു കൊണ്ട് രാജീവ് കുമാർ കത്തെഴുതി.

✪✪✪

ബാങ്ക് ഇടപാടുകാർക്ക് ഫാസ്ടാഗ്, നാഷണൽ കോമൺ മൊബിലിറ്റി കാർഡ് എന്നിവയുടെ വാലറ്റ് സൗകര്യങ്ങൾ ഇ-മാൻഡേറ്റ് സംവിധാനത്തിൽ ഉൾപ്പെടുത്താൻ റിസർവ് ബാങ്ക് നിർദ്ദേശം നൽകി. ഉപഭോക്താക്കളുടെ സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് റിസർവ് ബാങ്കിന്റെ നടപടി.വാലറ്റിലെ തുക നിശ്ചിത പരിധിക്ക് താഴെയാകുമ്പോൾ സ്വയം റീചാർജ് ആകുന്ന സംവിധാനമാണ് RBI കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

✪✪✪

2016-ൽ ഹിന്ദു മുന്നണി നേതാവ് ശശികുമാറിനെ കോയമ്പത്തൂരിൽ കൊലപ്പെടുത്തിയ കേസിൽ പോപ്പുലർ ഫ്രണ്ട് പ്രവർത്തകന്റെ സ്വത്ത് ദേശീയ അന്വേഷണ ഏജൻസി കണ്ടുകെട്ടി.

ചെന്നൈ പൂനമല്ലിയിലെ N I A പ്രത്യേക കോടതിയുടെ ഉത്തരവനുസരിച്ചാണ് പ്രതി സുബൈറിന്റെ സ്വത്ത് കണ്ടുകെട്ടിയതെന്ന് N I A അറിയിച്ചു.

✪✪✪

ഇന്ന് ലോക സമുദ്ര ദിനം. മനുഷ്യന്റെ കടന്ന് കയറ്റങ്ങളിലൂടെ സമുദ്രത്തിലുണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്താനും, സമുദ്ര സംരക്ഷണത്തിന് കൂട്ടായ്മകൾ രൂപീകരിക്കാനുമാണ് ദിനാചരണത്തിലൂടെ ഐക്യരാഷ്ട്രസംഘടന ലക്ഷ്യമിടുന്നത്.

✪✪✪

വിദ്യാഭ്യാസ മേഖലയിൽ കാലോചിത പരിഷ്ക്കാരണം ആവശ്യമാണെന്ന വിദ്യാഭ്യാസമന്ത്രിയുടെ നിർദ്ദേശത്തെ പൂർണമായി പിന്തുണയ്ക്കുകയാണെന്ന് നിയമസഭാ സ്പീക്കർ A.N ഷംസീർ അറിയിച്ചു. പരീക്ഷാരീതി മാറണമെന്ന ചർച്ച സ്വാഗതാർഹമാണെന്നും സ്പീക്കർ പറഞ്ഞു. കാസർകോട് കയ്യൂർ ഗവൺമെന്റ് LP സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു A.N ഷംസീർ.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച്ച വരെ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്,വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ,പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച്ച വരെ മീൻ പിടിക്കാൻ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

കോട്ടയം ജില്ലയിലെ ഇലവീഴാപുഞ്ചിറയിലും ഇല്ലിക്കൽകല്ലിലും സഞ്ചാരികൾക്ക് ഇന്നും നാളെയും വിലക്ക് ഏർപ്പെടുത്തി. ജില്ലയിൽ രണ്ടു ദിവസം ശക്തമായ

ഇടിമിന്നലിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പു നൽകിയതിനെ തുടർന്നാണ് നടപടി.

✪✪✪

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് എ യിൽ കാനഡ അയർലൻഡിനെ 12 റൺസിന് പരാജയപ്പെടുത്തി. അഫ്ഗാനിസ്ഥാൻ - ന്യൂസിലാന്റ്, ശ്രീലങ്ക - ബംഗ്ലദേശ് മത്സരങ്ങൾ പുലർച്ചെ ആരംഭിച്ചു.

✪✪✪

കണ്ണൂർ മയ്യിൽ പാവന്നൂർമെട്ടയ്ക്കടുത്ത് മീൻ പിടിക്കുന്നതിനിടെ പുഴയുടെ കരയിടിഞ്ഞ് മൂന്ന് കുട്ടികൾ മരിച്ചു. ഇരുവാപുഴ നമ്പ്രം കടവിൽ ഇന്നലെ വൈകീട്ടായിരുന്നു അപകടം. കരയിടിഞ്ഞതിനെ തുടർന്ന് മൂന്ന് കുട്ടികളും ചെളിയിൽ അമരുകയായിരുന്നു.

നിവേദ്, ജോബിൻ ജിത്ത്, അഭിനവ് എന്നീ കുട്ടികളാണ് മരിച്ചത്. കൂടെ ഉണ്ടായിരുന്ന ഒരു കുട്ടി നീന്തി രക്ഷപ്പെട്ടു. മൃതദേഹങ്ങൾ ഉച്ചയ്ക്ക് ശേഷം പാവന്നൂർ മെട്ടയിൽ പൊതുദർശനത്തിന് വെക്കും.

കുട്ടികളുടെ അപകട മരണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം അറിയിച്ചു.

✪✪✪

കൊല്ലം ശൂരനാട് സ്വദേശിയെ ചങ്ങനാശ്ശേരിയിൽ ഓടയിൽ മരിച്ച നിലയിൽ കണ്ടെത്തി. റംസാൻ അലി എന്ന 36 കാരനെയാണ് റെയിൽവേ ജംഗ്ഷന് സമീപം വെയിറ്റിങ്

ഷെഡിന് പിന്നിലെ ഓടയിൽ കണ്ടെത്തിയത്. സമീപത്തെ മതിൽ ശരീരത്തിൽ വീണ നിലയിലായിരുന്നു മൃതദേഹം.

✪✪✪

സ്ത്രീധന പീഡനത്തിനതിരെ പ്രചാരണ പ്രവർത്തനങ്ങൾ കുടുംബശ്രീ ഏറ്റെടുക്കണമെന്ന് സ്പീക്കർ A.N ഷംസീർ പറഞ്ഞു. കുടുംബശ്രീ അയൽക്കൂട്ട ഓക്സിലറി അംഗങ്ങളുടെ സംസ്ഥാന സർഗോത്സവം അരങ്ങ് 2024 കാസർകോട് ജില്ലയിലെ പിലിക്കോട് കാലിക്കടവ് മൈതാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. M. രാജഗോപാലൻ MLA അധ്യക്ഷനായിരുന്നു.

✪✪✪

പത്തനംതിട്ട ജില്ലയിൽ ഡെങ്കിപ്പനി ബാധിക്കുന്നവരുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ കൂടുതൽ കരുതൽ വേണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകി. പത്തനംതിട്ട നഗരസഭയിലും, സമീപ പഞ്ചായത്തുകളിലുമായി 15 ഡെങ്കി ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി. മഴ ശക്തമായതോടെ വെള്ളം കെട്ടിനിന്ന് കൊതുക് മുട്ടയിട്ട് പെരുകാൻ എല്ലായിടത്തും സാഹചര്യം നിലനിൽക്കുകയാണ്.

ജലദോഷവും, തുമ്മലും ഇല്ലാതെ വരുന്ന പനി ലക്ഷണങ്ങൾ അവഗണിക്കരുതെന്ന് DMO മുന്നറിയിപ്പ് നൽകി.

✪✪✪

തോട്ടം മേഖലയിലെ തൊഴിലാളികളുടെ അവകാശ സംരക്ഷണവും ലയങ്ങളുടെ സുരക്ഷിതത്തവും ഉറപ്പാക്കാൻ തൊഴിൽ വകുപ്പ് നടത്തിവരുന്ന പരിശോധനയിൽ 224

നിയമലംഘനങ്ങൾ കണ്ടെത്തി. 75 തോട്ടങ്ങളിൽ പരിശോധന പൂർത്തിയാക്കിയതായി ലേബർ കമ്മിഷണർ അർജുൻ പാണ്ഡ്യൻ അറിയിച്ചു. ലയങ്ങളുടെ ശോച്യാവസ്ഥ, ചികിത്സാസൗകര്യങ്ങളുടെ കുറവ്, മറ്റു തൊഴിൽ നിയമലംഘനങ്ങൾ എന്നിവയാണ് കണ്ടെത്തിയത്. 15 ദിവസത്തിനകം ഇവയ്ക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് തോട്ടം ഉടമകൾക്ക് നോട്ടീസ് നൽകി.

ഇടുക്കി ജില്ലയിലാണ് ഏറ്റവും കൂടുതൽ നിയമലംഘനങ്ങൾ കണ്ടെത്തിയത്. 54 നിയമലംഘനങ്ങൾ.

✪✪✪

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ജില്ലകൾക്കായി സംഘടിപ്പിച്ച ഈറ്റ് റൈറ്റ് ചലഞ്ച് ഫെയ്സ്-III ലെ സംസ്ഥാനത്തെ മികച്ച പ്രവർത്തനത്തിന് മലപ്പുറം ജില്ല അവാർഡ് നേടി. ലോക ഭക്ഷ്യസുരക്ഷാ ദിനത്തിൽ ഇന്നലെ തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജ് പുരസ്കാരം മലപ്പുറം ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ D. സുജിത് പെരേരയ്ക്ക് അവാർഡ് സമ്മാനിച്ചു.

✪✪✪

എറണാകുളം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ വെയിൽസ് നാഷണൽ ഹെൽത്ത് അതോറിറ്റിയിലെ ഡോക്ടർമാരുടെയും നഴ്സിംഗ് ഓഫീസർമാരുടെയും സംഘം സന്ദർശനം നടത്തി. മെഡിക്കൽ കോളേജിലെ ചികിത്സാ സംവിധാനങ്ങൾ നേരിൽകണ്ടു വിലയിരുത്താനാണ് നോർക്കയുടെ ആഭിമുഖ്യത്തിൽ സന്ദർശനം സംഘടിപ്പിച്ചത്.

✪✪✪

കണ്ണൂരിൽ നിന്ന് ഇന്നത്തെ ഹജ്ജ് വിമാനം ഉച്ചകഴിഞ്ഞ് 3.40 ന് പുറപ്പെടും. മൂന്ന് സർവീസുകളാണ് കണ്ണൂരിൽ നിന്ന് ഇനി ശേഷിക്കുന്നത്.

ഇതുവരെ 2,165 പേർ കണ്ണൂർ വിമാനത്താവളം വഴി ഹജ്ജ് തീർത്ഥാടനത്തിന് പുറപ്പെട്ടു.

✪✪✪

നിർമ്മാണം പുരോഗമിക്കുന്ന ദേശീയ പാത 66 ന്റെ അരികിലെ മണ്ണിടിച്ചിൽ തടയുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ദേശീയപാത പ്രോജക്ട് ഡയറക്ടർക്ക് കണ്ണൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകി. കണ്ണൂർ താഴെചൊവ്വ മുട്ടോളം പാറയിൽ ഇന്നലെ മണ്ണിടിഞ്ഞ് ഒരു വീട് തകർന്നിരുന്നു.

✪✪✪

ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഉൾപ്പെട്ട മുഹമ്മ പഞ്ചായത്ത് ഒൻപതാം വാർഡിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ കുമരകം, ആർപ്പൂക്കര, അയ്മനം, വെച്ചൂർ ഗ്രാമപഞ്ചായത്തുകളിൽ താറാവ്,കോഴി,കാട വളർത്തു പക്ഷികൾ എന്നിവയുടെ മുട്ട, ഇറച്ചി, കാഷ്ടം, എന്നിവയുടെ വിപണനവും നീക്കവും ജൂൺ 12 വരെ നിരോധിച്ചു. കോട്ടയം ജില്ലാ കളക്ടറുടേതാണ് ഉത്തരവ്.

✪✪✪

ദേശീയ പാത 66-ലെ മാഹി ബൈപാസിൽ ബാലം, ചോനാട് അണ്ടർപ്പാസുകളിലെ അപകടങ്ങൾ വർധിച്ചു വരുന്നതിനെപ്പറ്റി മറ്റന്നാൾ സംയുക്ത പരിശോധന നടത്തും.

നാഷണൽ ഹൈവേ അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പൊലീസ്, എന്നിവരെ കണ്ണൂർ ജില്ലാ റോഡ് സുരക്ഷ സമിതി യോഗം ചുമതലപ്പെടുത്തിയിരുന്നു.

ബൈപ്പാസിൽ ലൈൻ ട്രാഫിക് പാലിക്കാൻ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുമെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചു.

✪✪✪

കോഴിക്കോട് വടകര കണ്ണൂക്കരയിൽ വാഹനാപകടത്തിൽ ഇരുപതോളം പരിക്കേറ്റു. വൈകിട്ട് തലശ്ശേരി ഭാഗത്തു നിന്നു വന്ന KSRTC ബസും ലോറിയും കൂട്ടിയിടിക്കുകയായിരുന്നു. ബസ് ഡ്രൈവർക്കും മുൻ സീറ്റിലിരുന്ന ഒരു യാത്രക്കാരിക്കും സാരമായി പരുക്കേറ്റു.

✪✪✪